# പ്ലാച്ചിമടയിലെ ജനകീയ പ്രസ്ഥാനം : പെരുമാട്ടി പഞ്ചായത്തിനെപ്പറ്റി പ്രത്യേക പഠനം

ദിവ്യ കെ.

**സോഷ്യൽ വർക്ക് വിദ്യാർത്ഥിനിയായ ദിവ്യ കെ.യുടെ എം.എസ്.ഡബ്ലിയു. (MSW) പഠനകാലത്ത് പ്ലാച്ചിമട സമരത്തെക്കുറിച്ച് നടത്തിയ പഠന റിപ്പോർട്ടിന്റെ സംഗ്രഹമാണിത്.**

**2004** ആഗസ്റ്റിലാണ് ഈ പഠനം നടന്നത്. പ്ലാച്ചിമട സമരത്തിൽ പങ്കെടുത്ത 70 പേരിൽ നിന്ന് ചോദ്യാവലിയിലൂടെ ശേഖരിച്ച വിവരങ്ങൾ അടിസ്ഥാനമാക്കിയാണ് പഠനം നടത്തിയത്. ഉത്തരകർത്താക്കളിൽ 41 പേർ പുരുഷന്മാരും 23 പേർ സ്ത്രീകളുമായിരുന്നു. സമരത്തിൽ പങ്കെടുത്തവരുടെ സാമൂഹിക, സാമ്പത്തിക നിലവാരം മനസ്സിലാക്കുക, സമരത്തിന് പ്രേരകമായ ഘടകങ്ങളേവ, പ്രസ്ഥാനത്തിന് അഭിമുഖീകരിക്കേണ്ടിവന്ന പ്രശ്നങ്ങളേവ, സമരത്തിന് തെരഞ്ഞെടുത്ത തന്ത്രങ്ങളെന്തൊക്കെ, സമരത്തിന്റെ വികാസഘട്ടങ്ങൾ തിരിച്ചറിയുക തുടങ്ങിയവയായിരുന്നു ഈ പഠനത്തിന്റെ മുഖ്യോദ്ദേശങ്ങൾ.

58.5% ഉത്തരകർത്താക്കളും 20-40 വയസ്സ് പ്രായക്കാരായിരുന്നു. 67.14% പേരും ദിവസക്കൂലിക്ക് പണിയെടുക്കുന്നവരാണ്. 72.86% ഉത്തരകർത്താക്കളും 100-500 രൂപ പ്രതിമാസ വരുമാനമുള്ളവരാണ്. പല ഘടകങ്ങളും സമരത്തിന് പ്രേരണയായിട്ടുണ്ട്. 42.86% ഉത്തരകർത്താക്കളാണ് പരിസ്ഥിതി പ്രശ്നം ഈ സമരത്തിന് പ്രധാന കാരണമായതായി കാണുന്നത്. 91.43% ഉത്തരകർത്താക്കളും സമരത്തിന്റെ ആരംഭം മുതലേ ഉള്ളവരാണ്. 64.29% ഉത്തരകർത്താക്കൾ സമരത്തിനിടയിൽ കൊക്കകോള ഫാക്ടറി അധികൃതരിൽ നിന്ന് പ്രശ്നങ്ങൾ അനുഭവിച്ചവരാണ്. 56% ഉത്തരകർത്താക്കൾ കൊക്കകോള കമ്പനി അധികൃതരിൽ നിന്ന് ഭീഷണി നേരിടുന്നുണ്ട്. 60% ഉത്തരകർത്താക്കളും പുറമേ സമൂഹത്തിൽ നിന്ന് സമരത്തിന് എതിർപ്പ് നേരിടുന്നില്ല എന്ന് കരുതുന്നു.

സമരത്തിന് ബഹുവിധ തന്ത്രങ്ങൾ പ്രയോഗിച്ചിരുന്നു. 64.29% ഉത്തകർത്താക്കൾ ഹർത്താൽ നടത്തിയതിനെപ്പറ്റി പറഞ്ഞു. 88.57% ഉത്തരകർത്താക്കൾ സമരത്തിനിടയിൽ നടത്തിയ ബോധവൽക്കരണ പ്രവർത്തനങ്ങളെപ്പറ്റി പറഞ്ഞു. 67.14% ഉത്തരകർത്താക്കൾ സമരത്തിന്റെ സഹായത്തിനുള്ള സമരസഹായസമിതിയെപ്പറ്റി അറിവുള്ളവരാണ്. 68.57% ഉത്തരകർത്താക്കൾക്കും വെള്ളത്തിന്റെ മലിനീകരണ പരിശോധനകൾ നടക്കുന്നതറിയില്ല. 78.57% ഉത്തരകർത്താക്കളും പരിസരവാസികൾ സമരത്തിനെ സഹായിക്കുന്നുവെന്ന് കരുതുന്നു. 50.65% ഉത്തരകർത്താക്കൾ സമരത്തിന്റെ ഭാഗമായി അറസ്റ്റ് ചെയ്യപ്പെട്ടവരാണ്. 87.14% ഉത്തരകർത്താക്കൾക്ക് സമരത്തിൽ ധാരാളം തൊഴിൽ ദിനങ്ങൾ നഷ്ടപ്പെട്ടിട്ടുണ്ട്.

80% ഉത്തരകർത്താക്കൾക്കും വിളയോടി വേണുഗോപാലിനെ അറിയാം. 85.72% ഉത്തരകർത്താക്കൾക്ക് സമരത്തിലെ പഞ്ചായത്തിന്റെ പങ്കിനെപ്പറ്റി തൃപ്തിക്കുറവാണ്. 97.14% ഉത്തരകർത്താക്കളും കരുതുന്നത് സമരം മുന്നേറുന്നുണ്ടെന്നതാണ്. 75.71% ഉത്തരകർത്താക്കൾ സമരം തങ്ങളുടെ വ്യക്തിജീവിതത്തിൽ മാറ്റങ്ങൾ വരുത്തിയെന്ന് കരുതുന്നു. സമരത്തിൽ പല വീഴ്ചകളും പറ്റിയിട്ടുണ്ടെന്ന് 64.29% ഉത്തരകർത്താക്കൾ കരുതുന്നു.

പ്ലാച്ചിമട സമരം പരിസരമലിനീകരണത്തെക്കുറിച്ചും ജലവിഭവ സ്വകാര്യവൽക്കരണത്തെക്കുറിച്ചും പൊതു സമൂഹത്തിൽ കൂടുതൽ ചിന്തകൾക്ക് അവസരമുണ്ടാക്കിയെന്നാണ് ഈ റിപ്പോർട്ടിന്റെ നിഗമനം. പ്രകൃതി വിഭവങ്ങളുടെ ചൂഷണത്തിന് എതിരെയുള്ള സാമൂഹ്യ പ്രവർത്തനത്തിന്റെ നല്ലൊരു ഉദാഹരണമായി പ്ലാച്ചിമട സമരത്തെ എടുക്കാമെന്ന് ഈ റിപ്പോർട്ട് ഉപസംഹരിക്കുന്നുണ്ട്. തൃശൂർ വിമല കോളേജ് സോഷ്യൽ വർക്ക് വിഭാഗം മേധാവി ഡോ. ജയ ചെറിയാന്റെ മേൽനോട്ടത്തിലാണ് ഈ പഠനം നടന്നത്.

## പ്ലാച്ചിമട സമരത്തെ ശ്രദ്ധേയമാക്കിയവരിൽ ഏതാനും ചിലർ


സി.കെ. ജാനു


ഡോ. വന്ദനാ ശിവ


മാരിയപ്പൻ


കണ്ണദാസൻ


എ. കൃഷ്ണൻ